ശ്രീ. എൽ. എം. പൈലി: ചില സ്ഥലങ്ങളിൽ വാങ്ങിയിരിക്കാം.

ശ്രീ. പി. നാണു: അങ്ങിനെ വാങ്ങിയിട്ടുള്ളവർ ആ തുക തിരിച്ചു കൊടുക്കണമെന്നാണോ ഗവൺമെൻറിന്റെ തീരുമാനം?

ശ്രീ. എൽ. എം. പൈലി: അതു തിരിച്ചു കൊടുക്കണമെന്നാണ് ഇപ്പോഴത്തെ നില. അതേപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. നാണു: എന്താണ് ഗവൺമെൻറ് ആ നില എടുത്തത്?

ശ്രീ. എൽ. എം. പൈലി: നിലവിലുള്ള രൂപം വ്യാഖ്യാനിക്കുമ്പോൾ തുക തിരിച്ചു കൊടുക്കേണ്ടതായിട്ടാണ് കാണുന്നത്. അതുകൊണ്ട് ചിലർക്ക് ക്ലേശങ്ങൾ ഉണ്ടായിട്ടുണ്ടെന്നറിയാം. ഗവൺമെൻറ് അതേപ്പറ്റി ആലോചിച്ചു കൊണ്ടിരിക്കയാണ്.

ശ്രീ. പി. നാണു: വാങ്ങിയ തുകയെങ്കിലും തിരിച്ചു കൊടുക്കാതിരിക്കാൻ വേണ്ട ഉത്തരവ് പുറപ്പെടുവിക്കുമോ?

ശ്രീ. എൽ. എം. പൈലി: അതുകൊണ്ട് അദ്ധ്യാപകന്മാർക്കുണ്ടാകുന്ന കഷ്ടത ലഘൂകരിക്കുന്നതിന് പ്രതിമാസം രണ്ട് രൂപ വീതം വാങ്ങിക്കുന്നതിനാണ് ഇപ്പോൾ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: തിരുവിതാംകൂർ വിഭാഗത്തും കൊച്ചിവിഭാഗത്തും അടിസ്ഥാനശമ്പളം ഒരുപോലെയാണോ?

ശ്രീ. എൽ. എം. പൈലി: അല്ല.

പട്ടികവർഗ്ഗങ്ങളുടെ ഉന്നമനം.

*൨൨൪. (൪) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചിയിലെ പട്ടികവർഗ്ഗങ്ങളുടേയും ഗിരിവർഗ്ഗക്കാരുടേയും ഉന്നമന പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവർമ്മെൻറിൽനിന്നും ൧൯൫൦–൫൧ ബഡ്ജറ്റ് വർഷത്തിൽ എന്തു തുക അനുവദിച്ചു എന്നും, അതിൽ എന്തു തുക ഏതിനത്തിൽ ചിലവായി എന്നും പറയുമോ;

(ബി) ൧൯൫൧–൫൨ സാമ്പത്തികവർഷത്തിൽ ഈ ഇനത്തിൽ കേന്ദ്രഗവൺമെൻറിൽനിന്നും എന്തു തുക അനുവദിച്ചിട്ടുണ്ടെന്നും അതു് ഏതിനത്തിൽ ചിലവു് ചെയ്യുന്നു എന്നും പറയുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ:)

(എ- യും, ബി. യും.) ഈ ഇനത്തിൽ കേന്ദ്രഗവർമ്മെൻറിൽ നിന്നും ഒരു തുകയും ലഭിച്ചിട്ടില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: കേന്ദ്രഗവൺമെൻറിൽനിന്നും ഈ ഇനത്തിൽ ഒരു തുക അനുവദിക്കുന്നതാണെന്ന പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നതായി അറിയാമോ?

ശ്രീ. സി. കേശവൻ: പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരിക്കാം, ഗവൺമെൻറിനറിവില്ലെന്നേയുള്ളൂ.

പ്രാതിനിദ്ധ്യം നൽകേണ്ട സമുദായങ്ങൾ

*൨൨൫. (൫) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ:—

(എ) ഉദ്യോഗവിതരണം, മറ്റു സൗജന്യങ്ങൾ മുതലായി പ്രാതിനിദ്ധ്യം നൽകേണ്ട സമുദായങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുവാൻ നിയുക്തമായ കമ്മി

LIBRARY ARCHIVES Kerala Legislative Assembly

റിയിലെ അംഗങ്ങളുടെ എത്രയെല്ലാം; അവർ ഏതേത് സമുദായങ്ങളെ പ്രതിനിധീകരിക്കുന്നു എന്നു പറയുമോ;

(ബി) ഈ കമ്മിറ്റിയിൽ പട്ടികവർഗ്ഗക്കാരുടെ പ്രതിനിധികൾ എത്രെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ ആരു?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ:)

(എ) 1. ശ്രീ. പി. എ. കാസിം (ചെയർമാൻ)
2. ,, കെ. എസ്സ്. രാഘവൻ
3. ,, എം. സി. തോമസ്
4. ,, കെ. രാമുണ്ണിനായർ
5. ,, ജോർജ്ജ് തോമസ്, (സെക്രട്ടറി കൺവീനർ)

ആദ്യമെ ശ്രീ. തോമാസ് മാഞ്ഞൂരാനെയാണ് എടുത്തിരുന്നത്. അതിനു പകരമാണ് ശ്രീ. ജോർജ്ജ് തോമസ്സിനെ എടുത്തിരിക്കുന്നത്.

(ബി) ഇല്ല. പട്ടികജാതി വർഗ്ഗക്കാർക്ക് പ്രത്യേക പ്രാതിനിധ്യം ഉണ്ട്. ബാക്കി സമുദായങ്ങളിൽ ഏതെല്ലാം സമുദായക്കാർക്കാണ് പ്രാതിനിധ്യം കൊടുക്കേണ്ടതെന്നാണ് ആലോചിക്കുന്ന വിഷയം. ഇനി ഓരോ അംഗങ്ങളും ഏതേത് സമുദായത്തിൽപ്പെട്ടവരാണെന്നു വേണമെങ്കിൽ പറയാം.

ശ്രീ. പി. എ. കാസിം — മുസ്ലിം
,, കെ. എസ്സ്. രാഘവൻ — ഈഴവൻ
,, എം. സി. തോമസ് — ജാക്കോബൈറ്റ്
,, കെ. രാമുണ്ണിനായർ — നായർ
,, ജോർജ്ജ് തോമസ് — കത്തോലിക്കൻ

Sri. A. Chidambaranatha Nadar: May I know who is the member representing the communities that are scantily represented in the Government Service, in the Committee?

Sri. C. Kesavan: The Committee is not meant to give representation to all the communities. A list is being prepared with a view to find out the deficiency of representation of all communities—not of one community or other—in the public service and to make suggestions.

REST HOUSE

*227. (6) **Sri. D. Gnanasigamoni:** Will the hon. the Chief Minister be pleased to state:

(*a*) whether there is any proposal now pending consideration with Government for leasing out the Rest Houses in the State to any private company;

(*b*) if so, the name of the company; and

(*c*) at what stage is this proposal?

മുഖ്യമന്ത്രി (ശ്രീ. കേശവൻ): ഇതിനുള്ള ഉത്തരം നേരത്തെ പലപ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്.

റോഡ് കാൺക്രീറ്റ്

*൨൫൫. (൬) ശ്രീ. കുഞ്ഞൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ,—

(എ) ചേർത്തല കൺസർവൻസി ടൌൺ വിഭാഗത്തിൽ ഒരു മൈൽ റോഡ് കാൺക്രീറ്റ് ചെയ്തു ടാർഡ് റോഡ് ആക്കുന്നതാണെന്ന് ഗവൺമെൻറിൽ നിന്നും ഉദ്ദേശം ഒരു കൊല്ലത്തിനുമുമ്പെ പറഞ്ഞിട്ടില്ലേ;

(ബി) ഇതേവരെ അതു നടപ്പിലാക്കാത്തതു എന്തുകൊണ്ടാണ്?

LIBRARY ARCHIVES Kerala Legislative Assembly